പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 281 26.02.2018 - ൽ മറുപടിയ്ക്ക്

## വയോജനങ്ങൾക്കായുള്ള ക്ഷേമ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ<br>പ്രൊഫ.കെ.യു അരുണൻ<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.പി.ഉണ്ണി | ശ്രീമതി കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി.) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വയോജനങ്ങൾക്കായി ആവിഷ്ക്കരിച്ചിട്ടുള്ള ക്ഷേമ പദ്ധതികൾ ഏതൊക്കെ യാണെന്ന് വിശദമാക്കാമോ; | (എ) | വയോജന നയത്തിന്റെ ഭാഗമായി നടപ്പാക്കുന്ന ക്ഷേമ പദ്ധതികൾ - വയോജനങ്ങൾക്കായി ഗവൺമെന്റ് വൃദ്ധസദനങ്ങളും വൃദ്ധസദനങ്ങളിലൂടെ സൗജന്യ താമസം, ഭക്ഷണം മരുന്ന്, വസ്ത്രം എന്നിവ നൽകുന്നു. കൂടാതെ വയോ അമൃതം, വയോമിത്രം ആരോഗ്യ പദ്ധതികളുടെ സേവനവും നൽകുന്നുണ്ട്.<br>മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച നിയമം 2007 സംസ്ഥാനത്തു നടപ്പാക്കുകയും തുടർന്ന് എല്ലാ ജില്ലകളിലുമുള്ള 21 സബ് ഡിവിഷൻ ആഫീസുകളിലും മെയിന്റനൻസ് ട്രിബ്യൂണലുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>വയോജനങ്ങളുടെ ക്ഷേമത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മിച്ചിട്ടുള്ള പകൽ പരിപാലന കേന്ദ്രങ്ങൾ 'സായംപ്രഭ' ഹോമുകളാക്കി മാറ്റുന്നതിനു 2017-18 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ വികലാംഗർക്കും വയോജനങ്ങൾക്കും സൗഹൃദമാക്കുന്നതിനു വയനാട്, മലപ്പുറം ജില്ലകളിൽ 15 കോടി രൂപ 2017-18 വർഷത്തിൽ അനുവദിച്ചു |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. വയോജന ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വയോജന കൗൺസിൽ, ജില്ലാ വയോജന കമ്മിറ്റികൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ബി.പി.എൽ വിഭാഗത്തിലുള്ള മുതിർന്ന പൗരന്മാർക്ക് ആവശ്യമായ സഹായ ഉപകരണങ്ങളായ ശ്രവണ സഹായി, വീൽചെയർ, വാക്കിംഗ് സ്റ്റിക്ക്,കണ്ണടകൾ എന്നിവ പൂർണ്ണമായും സൗജന്യമായി നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ വയോശ്രീ യോജന നടപ്പാക്കി വരുന്നു. കൂടാതെ വയോജനങ്ങൾക്ക് ദന്തനിര വയ്ക്കുന്ന പ്രോജക്ട് ആയ 'മന്ദഹാസം' പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | വയോജനങ്ങളുടെ സംരക്ഷണത്തിനായി പകൽപരിചണ കേന്ദ്രങ്ങളും വൃദ്ധസദനങ്ങളും ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | നിലവിൽ സാമൂഹ്യനീതി വകുപ്പിനു കീഴിൽ 16 സർക്കാർ വൃദ്ധ സദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ രണ്ടു വീതവും മറ്റു ജില്ലകളിൽ ഓരോന്നും പ്രവർത്തിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ നടന്നു വരുന്ന പകൽ പരിപാല കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ചും അപ്ഗ്രേഡ് ചെയ്ത് സായംപ്രഭ ഹോമുകളാക്കി പരിവർത്തനം നടത്തുന്നതിനു 'സായംപ്രഭ' എന്ന പദ്ധതിയ്ക്കു ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | സർക്കാർ ഓഫീസുകൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവ വയോജന സൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | വയോജനങ്ങൾക്കും അംഗപരിമിതർക്കും സൗഹൃദമായി സർക്കാർ ഓഫീസുകൾ മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം വയനാട്, മലപ്പുറം ജില്ലകളിലെ സർക്കാർ ഓഫീസുകൾ Barrier free ആക്കുന്നതിന് സാമ്പത്തിക വർഷം നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | വയോജനങ്ങൾക്ക് സൗജന്യവും സമഗ്രവുമായ ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | സംസ്ഥാന വയോജന കൗൺസിലിന്റെ യോഗ തീരുമാന പ്രകാരം RSBY മാതൃകയിൽ വയോജനങ്ങൾക്കായി ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയത് പ്രകാരം CHIS മായി ബന്ധപ്പെട്ട് പദ്ധതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ